## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3538 | 23.06.2014-ൽ മറുപടിക്ക്.

### ഉടുമ്പൻചോല ആസ്ഥാനമായ നെടുങ്കണ്ടത്ത് ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) നെടുങ്കണ്ടത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | : എ) 21.12.2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3764/2011/ആഭ്യന്തരം പ്രകാരം സർക്കാർ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത 5 വർഷങ്ങൾക്കുള്ളിൽ തുറക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ പട്ടികയിൽ നെടുങ്കണ്ടം ഉൾപ്പെട്ടിട്ടില്ല. എന്നിരുന്നാലും റവന്യൂ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പര്യാപ്തമാണോ എന്ന് പരിശോധിച്ചു വരുന്നു. |
| ബി) കൽകൂന്തൽ വില്ലേജിലെ സർവേ നമ്പർ 143-ൽ പെട്ട റവന്യൂ വകുപ്പ് വക 85 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറ്റം ചെയ്തു ലഭിച്ചിട്ടുണ്ടോ;<br><br>സി) ഉടുമ്പൻചോല താലൂക്കിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; ഫയർ സ്റ്റേഷന്റെ സേവനം ഈ വർഷം തന്നെ ലഭ്യമാക്കുമോ? | ബിയും, സിയും) ടി സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പര്യാപ്തമാണോ എന്ന് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ